# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

### തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145


## പത്രക്കുറിപ്പ്

തീയതി: 18.09.2019

**വന്യജീവി വാരാഘോഷം : പോസ്റ്റർ രചനാ മത്സരം**

വന്യജീവി വാരാഘോഷത്തോടനുബന്ധിച്ച് വനംവകുപ്പ് പൊതുജനങ്ങൾക്കായി പോസ്റ്റർരചനാ മത്സരം സംഘടിപ്പിക്കുന്നു. വാട്ടർ കളർ, പോസ്റ്റർ, അക്രിലിക് എന്നിവയിലേതെങ്കിലും ഉപയോഗിച്ച് എ3 വലിപ്പത്തിലുള്ള പേപ്പറിൽ ലാൻസ്കേപ്പ് ആയി വേണം പോസ്റ്ററുകൾ രൂപകൽപ്പന ചെയ്യേണ്ടത്. ജൈവവൈവിധ്യസംരക്ഷണ സന്ദേശം ഉൾക്കൊള്ളുന്നതും ആകർഷണീയവുമായിരിക്കണം പോസ്റ്റർ. എൻട്രികൾ അയക്കുന്ന കവറിനു പുറത്ത് **പോസ്റ്റർ രചനാ മത്സരം – 2019** എന്ന് രേഖപ്പെടുത്തണം. അയയ്ക്കുന്ന ആളിന്റെ പൂർണ്ണമായ മേൽവിലാസം, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തിയ കുറിപ്പും ഉള്ളടക്കം ചെയ്യണം. പോസ്റ്ററുകളിൽ രചയിതാവിനെ തിരിച്ചറിയാൻ സാധിക്കുന്ന വിലാസമോ, അടയാളമോ രേഖപ്പെടുത്താൻ പാടില്ല. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്ന പോസ്റ്ററുകൾക്ക് യഥാക്രമം 5000 രൂപ, 3000 രൂപ, 1500 രൂപ വീതം സമ്മാനം ലഭിക്കും.

മത്സരത്തിനുള്ള എൻട്രികൾ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം – 695 014 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. സെപ്റ്റംബർ 30-ാം തീയതി വരെ എൻട്രികൾ സ്വീകരിക്കും.

കൂടുതൽ വിവരങ്ങൾ 0471-2529335, 0471- 2529303, 0471- 2529319 എന്നീ നമ്പരുകളിലും വനംവകുപ്പിന്റെ www.forest.kerala.gov.in എന്ന വെബ്സൈറ്റിലും ലഭിക്കും.

18/9/19

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ